Reg AD/POD

ക്ഷീരവികസന വകുപ്പ് ഡയറക്ടറുടെ നടപടിക്രമം

ഹാജർ:ശ്രീമതി.ശാലിനി ഗോപിനാഥ് (പെൻ:**498485**)

ക്ഷീരവികസന വകുപ്പ്- ഡയറക്ടറേറ്റ്- ശ്രീ.വിപിൻ വി എസ്, ക്ലാർക്കിന്റെ സസ്പെൻഷൻ കാലാവധി ദീർഘിപ്പിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ക്ഷീരവികസന വകുപ്പ്

നം. **DDDKER/4053/2022-ES2** തിരുവനന്തപുരം,തീയതി:**02-11-2026**

പരാമർശം:- **1.**ക്ഷീര വികസന വകുപ്പ് ഡയറക്ടറുടെ **13/12 /2022** തീയതിയിലെ ഇതേ നമ്പർ ഉത്തരവ്

2.ക്ഷീര വികസന വകുപ്പ് ഡയറക്ടറുടെ **22/03/2025** തീയതിയിലെ ഇതേ നമ്പർ ഉത്തരവ്

3. സ്റ്റേഷൻ ഹൌസ് ഓഫീസർ, സെൻട്രൽ പോലീസ് സ്റ്റേഷൻ, കൊച്ചി, **26.08.2025** തീയതിയിലെ **1360/TD/2025/CE** നമ്പർ കത്ത്

4.ക്ഷീര വികസന വകുപ്പ് ഡയറക്ടറുടെ **20/5 /2025** തീയതിയിലെ ഇതേ നമ്പർ ഉത്തരവ്

5.ക്ഷീര വികസന വകുപ്പ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ **5-06-2025** തീയതിയിലെ ഇതേ നമ്പർ ഹിയറിംഗ് നോട്ടീസ്

6.ക്ഷീര വികസന വകുപ്പ് ഡയറക്ടറുടെ **6/11 /2025** തീയതിയിലെ ഇതേ നമ്പർ ഉത്തരവ്

ഉത്തരവ്

ശ്രീ വിപിൻ വി എസ്, തിരുവനന്തപുരം സ്റ്റേറ്റ് ഫോഡർ ഫാമിൽ ക്ലാർക്കായി സേവനത്തിലിരിക്കെ ടിയാൻ ശൂന്യവേതനാവധിയിൽ പ്രവേശിക്കുകയും ടി അവധി അവസാനിച്ച **6/8/2021** തീയതി മുതൽ നാളിതു വരെ ജോലിയിൽ പ്രവേശിക്കാത്തതും ടി കാലയളവിൽ **ANVY SUPERMARKETS (OPC) PVT LTD** എന്ന സ്ഥാപനത്തിൽ ഫ്രാഞ്ചൈസി നൽകാമെന്ന് വാഗ്ദാനം നൽകി പൊതുജനങ്ങളെ വഞ്ചിച്ച കുറ്റത്തിന് എറണാകുളം സെൻട്രൽ

പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളിൽ ടിയാനെ **24.11.2022** തീയതിയിൽ അറസ്റ്റ് ചെയ്യുകയും ബഹു. കോടതി ഉത്തരവ് പ്രകാരം റിമാൻഡ് ചെയ്ത് ജയിലിൽ പാർപ്പിക്കുകയും ചെയ്തിരുന്നു. ആയതിനാൽ പരാമർശം **(1)** ഉത്തരവ് പ്രകാരം ടിയാനെ **24.11.2022** തീയതി മുതൽ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തിരുന്നു. ടിയാന്റെ സസ്പെൻഷൻ സൂചന **(2)** ഉത്തരവ് പ്രകാരം **22/03/2025** തീയതി മുതൽ **6** മാസ കാലയളവിലേക്ക് ദീർഘിപ്പിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

എറണാകുളം സെൻട്രൽ പോലീസ് സ്റ്റേഷനിൽ വിപിൻ വി എസ്, **Managing Director, Anvy Supermarkets(OPC)** എന്നവർക്കെതിരെ **31** ഓളം കേസുകൾ രജിസ്റ്റർ ചെയ്തിരുന്നതും ആയതിൽ **30** കേസുകളുടെ അന്വേഷണം കൊച്ചി സിറ്റി ജില്ലാ ക്രൈം ബ്രാഞ്ച് നടത്തി വന്നിരുന്നതും അന്വേഷണം പൂർത്തിയാക്കി പ്രതിക്കെതിരെ കുറ്റപത്രം ബഹുമാനപ്പെട്ട എറണാകുളം ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ സമർപ്പിച്ചിട്ടുള്ളതും ക്രൈം. **2342/2023 u/s 417, 420, 34 IPC** കേസ് നിലവിൽ അന്വേഷണാവസ്ഥയിലുള്ളതുമാണ് എന്നും ബഹുമാനപ്പെട്ട **CJM** കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുള്ള കേസുകൾ കോടതി നമ്പർ പിടിച്ച് ബഹുമാനപ്പെട്ട എറണാകുളം **CJM** കോടതിയിൽ വിചാരണയിലിരിക്കുന്നതുമാണ് എന്നുള്ള വിവരം സൂചന**(3)** പ്രകാരം ലഭിച്ചിരുന്നു.

മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ ശ്രീ വിപിൻ വി എസ്, ക്ലാർക്കിനെതിരെ ആരോപിച്ചിട്ടുള്ള കുറ്റങ്ങളിന്മേൽ **formal inquiry** നടത്തുന്നതിന് ക്ഷീര വികസന വകുപ്പിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറെ സൂചന**(4)** ഉത്തരവ് പ്രകാരം ചുമതലപ്പെടുത്തിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ടിയാന് സൂചന **(5)** പ്രകാരം ഹിയറിംഗ് നോട്ടീസ് നൽകിയിരുന്നെങ്കിലും ടിയാൻ ടി നോട്ടീസ് കൈപ്പറ്റുകയോ ഈ ഓഫീസുമായി ബന്ധപ്പെടുകയോ ചെയ്തിട്ടില്ല. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ ശ്രീ വിപിൻ വി എസ്, ക്ലാർക്കിന്റെ സസ്പെൻഷൻ പുനപരിശോധിക്കുകയും ടിയാനെതിരെയുള്ള **criminal proceedings** തുടരുന്ന സാഹചര്യത്തിൽ ടിയാന്റെ സസ്പെൻഷൻ കാലാവധി **22.09.2025** തീയതി മുതൽ **6** മാസത്തേക്ക് നീട്ടി സൂചന **(6)** പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

ടിയാനെതിരെയുള്ള ക്രിമിനൽ/ അച്ചടക്ക നടപടികൾ **(Criminal Proceedings)** ഇതുവരെ അന്തിമമായിട്ടില്ലാത്തതും, ടിയാൻ ജോലിയിൽ തിരികെ പ്രവേശിച്ചിട്ടില്ലാത്തതുമായ സാഹചര്യത്തിൽ, **22.03.2026** മുതൽ ഒരു വർഷത്തേക്ക് കൂടി ടിയാന്റെ സസ്പെൻഷൻ കാലാവധി ദീർഘിപ്പിച്ച് ഇതിനാൽ ഉത്തരവാകുന്നു.

Digitally signed by
SALINI GOPINATH
Date: 02-11-2026
12:16:20

ഡയറക്ടർ

ശ്രീ വിപിൻ വി എസ്
വി എസ് ഭവൻ
കാവിൻപുറം
കട്ടച്ചക്കുഴി പി ഒ
ബാലരാമപുരം
തിരുവനന്തപുരം - **695520**

പകർപ്പ്:- **1)**ഫാം ഹെഡ്, സ്റ്റേറ്റ് ഫോഡർ ഫാം

2)ഇ സെക്ഷൻ സൂപ്രണ്ട്

3)ഡി.എഫ്.ഐ, **IT** സെൽ (വെബ്സൈറ്റിൽ നൽകുന്നതിനായി)

4)ഇ2 സീറ്റ്

5)സഞ്ചയം